**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4387** | **18-03-2025 - ൽ മറുപടിയ്ക്ക്**

**പി.എം. കുസും പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പി.എം.കുസും പദ്ധതി പ്രകാരം അനെർട്ട് സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ പരിശോധിക്കുന്നതിനുള്ള ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്നും ഇതിനായി എത്ര തുകയാണ് നാളിതുവരെ പ്രതിഫലമായി നൽകിയിരിക്കുന്നതെന്നും അറിയിക്കുമോ; | (എ) | പി.എം.കുസും പദ്ധതി പ്രകാരം അനെർട്ട് സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ പരിശോധിക്കുന്ന ചുമതല അതാതു ജില്ലാ എഞ്ചിനീയർമാർക്കാണ്. ഇതിനായി പ്രത്യേക പ്രതിഫലം നല്കിയിട്ടില്ല. |
| (ബി) | ഈ പദ്ധതിയുടെ പ്രചാരണത്തിനും പരസ്യത്തിനുമായി നാളിതുവരെ എത്ര തുകയാണ് ചെലവഴിച്ചതെന്നും നാളിതുവരെ സ്ഥാപിച്ച പ്ലാന്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും ശേഷിയും സ്ഥാപിച്ച കമ്പനികളുടെ വിവരവും ഓരോ കമ്പനിയ്ക്കും നാളിതുവരെ നൽകിയ തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (ബി) | ഈ പദ്ധതിയുടെ പ്രചാരണത്തിനും പരസ്യത്തിനുമായി നാളിതുവരെ 4.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>അനെർട്ട് പി. എം. കുസും പദ്ധതി പ്രകാരം നാളിതുവരെ സ്ഥാപിച്ച പ്ലാന്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും ശേഷിയും സ്ഥാപിച്ച കമ്പനികളുടെ വിവരവും **അനുബന്ധം (1)** ആയി ചേർക്കുന്നു.<br><br>ഓരോ കമ്പനിയ്ക്കും നാളിതുവരെ നൽകിയ തുക സംബന്ധിച്ച വിവരം **അനുബന്ധം (2)** ആയി ചേർക്കുന്നു. |
| (സി) | സൗജന്യ കാർഷിക വൈദ്യുതി പദ്ധതിയിൽ ഉൾപ്പെടാത്ത എത്ര കർഷകർ ഈ പദ്ധതി പ്രകാരം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു എന്നറിയിക്കുമോ; ഇവർ കെ.എസ്.ഇ.ബി.ക്ക് നൽകുന്ന വൈദ്യുതിയുടെ തുക അനെർട്ടിന് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (സി) | പി. എം. കുസും പദ്ധതി പ്രകാരം അനെർട്ട്, സൗജന്യ കാർഷിക വൈദ്യുതി പദ്ധതിയിൽ ഉൾപ്പെടാത്ത കർഷകരുടെ 68 പമ്പുകളുടെ സൗരോർജ്ജവൽക്കരണം, കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും ഉൾപ്പെടുത്തി കർഷക വിഹിതം സ്വീകരിച്ചുകൊണ്ടു നടത്തിയിട്ടുണ്ട്. ഈ ഇനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നൽകുന്ന വൈദ്യുതിയുടെ തുക അനെർട്ടിന് ലഭ്യമാക്കുന്നതിന് പ്രത്യേകമായി നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ഈ പദ്ധതി പ്രകാരം സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന സൗജന്യ കാർഷിക വൈദ്യുതി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകർക്കായി സർക്കാർ ചെലവഴിച്ചിരുന്ന തുക നബാർഡ് ലോൺ | (ഡി) | നിലവിൽ അനെർട്ട് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരുമായി ഒരു എഗ്രിമെൻറിൽ ഏർപ്പെടുന്നുണ്ട്. ഇത് പ്രകാരം കർഷകൻ ഉപയോഗശേഷം KSEBL - നു നൽകുന്ന വൈദ്യുതിക്ക് (എക്സ്പോർട്ട് എനർജി) |

| | | | |
|---|---|---|---|
| | തിരിച്ചടവിനായി വിനിയോഗിക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ? | | ലഭിക്കുന്ന തുക KSEBL 7 വർഷം വരെ അനെർട്ടിന് നല്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന തുക അനെർട്ട് നബാർഡ് ലോൺ തിരിച്ചടവിനായി വിനിയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 1

| PM KUSUM PHASE 2 - Installation Completed District wise List till March 07, 2025 (5955) | | | | |
|---|---|---|---|---|
| Sl. No. | District | Vendor | Total No. of installations | Total installed capacity (kW) |
| 1 | Palakkad | M/s. Tata power Solar systems Private Limited | 18 | 124 |
| | | M/s. Suntastic Solar Systems Pvt Ltd | 290 | 1041 |
| | | M/s. BS Energy Innovation | 6 | 17 |
| | | M/s. Kondaas Automation Pvt. Ltd | 174 | 802 |
| | | **Total** | **488** | **1984** |
| 2 | Thrissur | M/s. Tata power Solar systems Private Limited | 60 | 165 |
| | | M/s. Kondaas Automation Pvt Ltd | 161 | 460 |
| | | M/s. Suntastic Solar Systems Pvt Ltd | 27 | 59 |
| | | M/s. Moopens Energy Solutions | 11 | 33 |
| | | **Total** | **259** | **717** |
| 3 | kasaragod | M/s. INKEL Ltd. | 12 | 32 |
| | | M/s. Suntastic Solar Systems Pvt Ltd | 21 | 59 |
| | | M/s. Kondaas Automation Pvt Ltd | 8 | 22 |
| | | M/s. A J Infra Solutions | 27 | 90 |
| | | **Total** | **68** | **203** |
| 4 | Malappuram | M/s. Suryam International Private Limited. | 160 | 415 |
| | | M/s. Kondaas Automation Pvt Ltd. | 10 | 28 |
| | | M/s. K C P Solar Industry | 39 | 124 |
| | | M/s. Suntastic Solar Systems Pvt Ltd. | 6 | 13 |
| | | **Total** | **215** | **580** |
| 5 | Ernakulam | M/s. KC KOPAR Energy Solutions Private Limited. | 230 | 707 |
| **Total No. of installations and capacity in kW** | | | **1260** | **4191** |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 2

| Details of Payment issued to EPCs Details as on March 06, 2025 | | |
|---|---|---|
| **Sl. No.** | **Agency Name** | **Total Amount (₹)** |
| 1 | M/s. Tata power Solar systems Private Limited | 2,45,19,690 |
| 2 | M/s. Kondaas Automation Pvt Ltd | 10,29,92,610 |
| 3 | M/s. Suntastic Solar Systems Pvt Ltd | 11,60,09,726 |
| 4 | M/s. Suryam International Private Limited | 3,77,52,161 |
| 5 | M/s. BS Energy Innovation | 31,88,006 |
| 6 | M/s. KC KOPAR Energy Solutions Private Limited | 4,56,15,287 |
| 7 | M/s. K C P Solar Industry | 2,06,30,460 |
| 8 | M/s. A J Infra Solutions | 1,86,76,742 |
| 9 | M/s. Coopa Energy | 23,92,450 |
| 10 | M/s. BharathSevakSamaj | 23,70,112 |
| 11 | M/s. INKEL Ltd. | 24,21,829 |
| 12 | M/s. Moopens Energy Solutions | 22,75,126 |
| **Total Amount** | | **37,88,44,199** |

സെക്ഷൻ ഓഫീസർ